No. 278/2023

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

ഭാരതത്തിന്റെ അപ്പോസ്തോലനും മലങ്കര സഭാസ്ഥാപകനുമായ വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ 1950-ാം ചരമ രക്തസാക്ഷിത്വ ജൂബിലി സംഗമങ്ങൾ പരിശുദ്ധ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുകയാണല്ലോ. അതിന്റെ ഭാഗമായി മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ 'അരപ്പള്ളി' എന്നറിയപ്പെടുന്ന തിരുവിതാംകോട് അന്താരാഷ്ട്ര മാർത്തോമൻ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് 2023 ഡിസംബർ മാസം 3 -ാം തീയതി ഞായറാഴ്ച 'മാർത്തോമൻ സ്മൃതി സംഗമം' നടത്തുവാൻ ആഗ്രഹിക്കുന്നു. രാവിലെ 7 മണിക്ക് പ്രഭാത നമസ്കാരവും 8 മണിക്ക് വിശുദ്ധ കുർബാനയും നമ്മുടെ മുഖ്യ കാർമ്മികത്വത്തിലും മറ്റു മെത്രാപ്പോലീത്താമാരുടെ സഹകാർമികത്വത്തിലും നടത്തപ്പെടുന്നു. തുടർന്ന് ഉച്ചയ്ക്ക് 2.30-ന് നടത്തുന്ന 'മാർത്തോമൻ സ്മൃതി സംഗമ'ത്തിൽ സഭയിലെ മെത്രാപ്പോലീത്താമാരും സഹോദര സഭകളിലെ മെത്രാപ്പോലീത്താമാരും രാഷ്ട്രീയ സാംസ്കാരിക നേതാക്കളും പങ്കെടുക്കുന്നതാണ്. ഈ സംഗമത്തിൽ സഭയിലെ എല്ലാ ഇടവകകളിൽ നിന്നും വിശ്വാസികൾ സാധിക്കുമെങ്കിൽ തീർത്ഥയാത്രകൾ സംഘടിപ്പിച്ച് ഈ സംഗമം അനുഗ്രഹപ്രദമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഇടവക വികാരിമാരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ചേർന്ന് ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 നവംബർ മാസം 16-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.